"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ജലവിഭവ വകുപ്പ്- ജീവനക്കാര്യം- ശ്രീമതി. ഫാരിസ.പി.എം, സെക്കന്റ് ഗ്രേഡ് ഓവർസിയർ- മകന്റെ മൈലോ ഫൈബ്രോസിസ് എന്ന അസ്ഥി മജ്ജ രോഗത്തിനുള്ള ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

ജലവിഭവ (എ) വകുപ്പ്

സ.ഉ.(സാധാ) നം.505/2025/WRD തീയതി,തിരുവനന്തപുരം, 22-05-2025

---

പരാമർശം:-
1. 22/6/2020 ൽ ശ്രീമതി. ഫാരിസ.പി.എം, രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ സമർപ്പിച്ച അപേക്ഷ
2. ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) യുടെ 15/6/2022 ലെ ഡി6/53611/2022 നമ്പർ കത്ത്

<u>ഉത്തരവ്</u>

എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, കാര്യാലയത്തിലെ രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി. ഫാരിസ.പി.എം-ന്റെ മകന് മൈലോ ഫൈബ്രോസിസ് എന്ന അസ്ഥി മജ്ജ രോഗവുമായി ബന്ധപ്പെട്ട് 22/10/2019 മുതൽ 11/06/2020 വരെയും 02/07/2020 മുതൽ 18/03/2021 വരെയും ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സ നടത്തിയതിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് കിട്ടുന്നതിനായി പരാമർശം ഒന്ന് പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം രണ്ട് പ്രകാരം ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി. ഫാരിസ.പി.എം.ന്റെ മകന് മൈലോ ഫൈബ്രോസിസ് എന്ന അസ്ഥി മജ്ജ രോഗവുമായി ബന്ധപ്പെട്ട് ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സ നടത്തിയതിൽ 22/10/2019 മുതൽ 11/06/2020 വരെയും 02/07/2020 മുതൽ 18/03/2021 വരെയുമുള്ള ബില്ലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയത അറിയിച്ച തുകയായ 2,91,110/-രൂപയുടെ 80 ശതമാനമായ 2,32,888/- രൂപ (രണ്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി എട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUVENI R V

അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) , തിരുവനന്തപുരം [അപ്പീൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം]

ശ്രീമതി. ഫാരിസ.പി.എം, രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ (ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) , തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്) കേരള, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ) കേരള, തിരുവനന്തപുരം /തൃശ്ശൂർ

ധനകാര്യ വകുപ്പ് ( 2890147/Loans -L1/199/2024-FIN തീയതി 14/11/2024) വിവര

പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sunithakumary S
Date: 23-05-2025 11:29:06

സെക്ഷൻ ഓഫീസർ